

# രേഖാചിത്രംപോലെ...

നേർരേഖകളുടെ സമന്വയമാണ് ഋതു. പുതുമയും ലാളിത്യവും വ്യത്യസ്തവുമായ സമീപനവും ഈ വീടിനെ വേറിട്ടു നിർത്തുന്നു



## FACTFILE

Project Type: **Residence**
Location: **Tripunitura**
Project Name: **Rithu**
Client: **Abhilash & Veena Nair**
Architect: **Jayadev**
Design Style:
**Contemporary + Minimalistic**
Area: **2600 sq. ft**
Plot: **15 cents**
Completed in: **2011**

**തൃ**പ്പൂണിത്തുറയിലെ ഋതു എന്ന വീട് ആദ്യമായി കാണുമ്പോൾ നമ്മളറിയാതെ പറഞ്ഞുപോവും - "സംതിങ് വെരി സ്പെഷ്യൽ!". ഡിസൈനിലെ പുതുമയും ലാളിത്യവും വ്യത്യസ്തമായ സമീപനവുമാണ് ഈ വീടിനെ സംതിങ് സ്പെഷ്യലായൊരു മുഖമേകുന്നത്. തൃപ്പൂണിത്തുറ സ്വദേശികളായ അഭിലാഷ് - വീണ നായർ ദമ്പതികൾക്കു വേണ്ടി ആർക്കിടെക്റ്റ് ജയദേവാണ് ഈ വീട് ഡിസൈൻ ചെയ്തിരിക്കുന്നത്. വീട്ടുകാരുടെ അഭിരുചികൾക്കും അവരുടെ ലൈഫ് സ്റ്റൈലിനും ഏറെ പ്രാധാന്യം നൽകികൊണ്ടാണ് ആർക്കിടെക്റ്റ്, ഋതുവിന്റെ ആദ്യഘട്ട പ്ലാനിംഗ് നടത്തുന്നത്. "ക്ലൈന്റിന്റെ ഭാര്യയും ഉദ്യോഗസ്ഥയാണ്. ഒരു കുട്ടി സ്കൂളിൽ പഠിക്കുന്നു. തിരക്കു പിടിച്ചൊരു ലൈഫ്സ്റ്റൈൽ പിൻതുടരുന്നവരാണ് ഈ കുടുംബം. ക്ലൈന്റിന്റെ ഈ ലൈഫ് സ്റ്റൈൽ നന്നായി മനസ്സിലാക്കിയാണ് വീടിന്റെ ഡിസൈൻ തയ്യാറാക്കിയത്. പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന സ്പെയ്സുകളാണ് ഈ വീടിന്റെ പ്രത്യേകത. പ്രൈവറ്റ് ലിവിംഗ്, ഡൈനിംഗ്, കിച്ചൻ എന്നീ സ്പെയ്സുകളെല്ലാം തന്നെ ഇങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

# Ritu

കുടുംബാംഗങ്ങൾ മൂന്നുപേരും വീടിനകത്ത് ഉണ്ടായിരിക്കുന്ന സമയം വളരെ കുറവാണ്. പലപ്പോഴും വൈകുന്നേരങ്ങളിലാണ് മൂന്നു പേരും ഒത്തു ചേരുന്നത്. ആ സമയങ്ങളിൽ എല്ലാവർക്കും പരസ്പരം കണ്ടുകൊണ്ട് അവരുടെ ജോലികൾ ചെയ്യാൻ വേണ്ടിയാണ് ഫാമിലി സ്പെയ്സുകളെല്ലാം പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നത്. കിച്ചനിൽ കുക്കിംഗ് ചെയ്യുമ്പോൾ തന്നെ ഫാമിലി ലിവിംഗിൽ ടിവി കണ്ടു കൊണ്ടിരിക്കുന്ന ഭർത്താവിനോട് സംസാരിക്കാനും സ്റ്റഡി ഏരിയയിൽ പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടിയെ ശ്രദ്ധിക്കാനും ഭാര്യയ്ക്ക് കഴിയുന്ന രീതിയിലാണ് സ്പെയ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. " ആർക്കിടെക്റ്റ് പറയുന്നു.

### എക്സ്റ്റീരിയർ

നേർരേഖകളുടെ സമന്വയമാണ് വീടിന്റെ എക്സ്റ്റീരിയറിന് അഴകു പകരുന്നത്. വീടിനകത്തേക്ക് പ്രവേശിക്കാൻ രണ്ടു ഗേറ്റുകളുണ്ട്. അതിൽ ഇടതുവശത്തെ ചെറിയ ഗേറ്റ് കടന്നാൽ ഒരു നടപ്പാത കാണാം. ഈ നടപ്പാതയിൽ പെബിൾസ് വിതറിയിരിക്കുന്നു. നടപ്പാതയുടെ വശങ്ങളിലായി ചെറിയ ചെറിയ പെബിൾ കോർട്ടുകൾ നൽകിയിരിക്കുന്നു. പെബിൾ കോർട്ടിനുള്ളിൽ ഇൻഡോർ പ്ലാന്റുകൾ വളർത്തിയിരിക്കുന്നു. വലതുവശത്ത് നീളത്തിലൊരു വാട്ടർ ബോഡിയും ഇടതു വശത്ത് സ്ക്വയർ ടൈപ്പിലുള്ള ചെറിയൊരു വാട്ടർ ബോഡിയും കാണാം. ഈ നടപ്പാതയുടെ വലതു



നേർരേഖകളുടെ സമന്വയമാണ് എക്സ്റ്റീരിയറിനെ നിർവ്വചിക്കുന്നത്.

വീടിന്റെ മുൻവശത്തു നിന്നുള്ള ദൃശ്യം. പെഡസ്ട്രിയൽ എൻട്രിയും ഡ്രൈവ് വേയും പ്രത്യേകം വേർത്തിരിച്ചിരിക്കുന്നു.



വശത്തായാണ് കാർപോർച്ച് നൽകിയിരിക്കുന്നത്. രണ്ടാമത്തെ ഗേറ്റ് കാർപോർച്ചിലേക്കുള്ളതാണ്. കാർപോർച്ചിനു മുകളിൽ പർഗോള നൽകി. ലിന്റൽ ഇല്ല എന്നതാണ് ഈ വീടിന്റെ മറ്റൊരു സവിശേഷത. എല്ലാ വിൻഡോകളും ഫ്ളോർ മുതൽ സീലിംഗ് വരെ നീളുന്നു. മുറികൾക്ക് വിശാലത പകരാൻ ഈ വിൻഡോ സംവിധാനം സഹായകരമാണ്. ഗ്രിൽ നൽകിയ വിൻഡോകളും ഗ്രിൽ നൽകാത്തതുമായ വിൻഡോകൾ ഇവിടെ കാണാം. നടപ്പാതയുടെ അവസാനത്തിലായി ലോഞ്ച് കാണാം. കാർപോർച്ചിൽ നിന്ന് നേരിട്ടും ഈ ലോഞ്ചിലേക്ക് എത്താം.

## ഇന്റീരിയർ

ഫോർമൽ ലിവിംഗ് ബ്ലോക്കിനെ ഒരു കോറിഡോറിന്റെ സഹായത്തോടെ പ്രധാന ബ്ലോക്കുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഒരു സ്പെയ്സിൽ നിന്നും മറ്റൊരു സ്പെയ്സിലേക്കുള്ള ഒഴുക്ക്- അതാണ് ഈ വീടിന്റെ ഇന്റീരിയറിന്റെ പ്രധാന സവിശേഷത. ആ ഒഴുക്കിനെ മുറിക്കുന്ന ഘടകങ്ങൾ പരമാവധി ഒഴിവാക്കാൻ ആർക്കിടെക്റ്റിനു കഴിഞ്ഞിട്ടുണ്ട്. എല്ലാ സ്പെയ്സുകളും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നതും നല്ല വെന്റിലേഷൻ നൽകിയതും മുറിയ്ക്കുള്ളിലെ ചൂട് കുറയ്ക്കാൻ സഹായകരമാണ്. നിലയ്ക്കാത്ത എയർ ഫ്ളോ ഇന്റീരിയറിനെ കൂളാക്കി നിർത്തുന്നു.

## ഫോർമൽ ലിവിംഗ് റൂം

ഫോർമൽ ലിവിംഗിലേക്ക് അതിഥികളെ ആനയിക്കുന്ന കോറിഡോറിന്റെ ഒരറ്റ




പെബിൾസ് വിതറി മനോഹരമാക്കിയ പെഡസ്ട്രിയൽ വാക്ക് വേ.



പർഗോളയുടെ സാന്നിധ്യവുമായി കാർ പോർച്ച്.





വാക്ക് വേയ്ക്ക് ഇരുവശവുമായി നൽകിയ വാട്ടർ ബോഡികൾ എക്സ്റ്റീരിയറിനെ മികച്ചൊരു ദൃശ്യാനുഭവമാക്കുന്നു.

വീടിനു പിറകുവശത്തായി നൽകിയ എക്സ്റ്റീരിയർ ഡെക്ക്.



ത്തായി ചെറിയൊരു ഫോയർ സ്പെയ്സ് നൽകിയിട്ടുണ്ട്. ഫോർമൽ ലിവിംഗിന്റെയും ഫോയറിന്റെയും ഭാഗമായി വരുന്ന കോർട്ട്യാർഡ് അതിഥികൾക്ക് ഹാർദ്ദവമായ സ്വാഗതമേകുന്നു. മനസ്സിന് ഉന്മേഷവും ആദ്യസാഴ്ചയിൽ അതിഥികൾക്ക് സർപ്രൈസും പകരാൻ ഈ ഫോയർ സ്പെയ്സിനു കഴിയുന്നുണ്ട്. സെക്യൂരിറ്റി ഗ്രിൽ ഒന്നുമില്ലാതെ നൽകിയ ഫിക്സഡ് ഗ്ലാസ്സ് വിൻഡോയാണ് നമ്മുടെ ശ്രദ്ധ കവരുന്ന മറ്റൊരു ഘടകം. ഗ്രിൽ ഒഴിവാക്കിയതു കൊണ്ടു തന്നെ ഈ വിൻഡോയുടെ സെക്യൂരിറ്റിയ്ക്ക് വേണ്ടി ഗ്ലാസ്സ് ബ്രേക്കിംഗ് സെൻസർ നൽകിയിട്ടുണ്ട്. ഈ ഗ്ലാസ്സ് വിൻഡോയെ കൂടാതെ രണ്ടു കോർണർ വിൻഡോകളും ഈ മുറിയുടെ മറുഭാഗത്തായി കാണാം. ക്യൂരിയോസുകളും പുസ്തകങ്ങളും സൂക്ഷിക്കാനായി ചുമരിൽ ഒരു ബുക്ക് ഷെൽഫും കൊടുത്തു. ബ്ലാക്ക് ലാമിനേറ്റ് ഫിനിഷിൽ സിൽവർ ലാമിനേറ്റഡ് എഡ്ജാണ് ഈ ബുക്ക് ഷെൽഫിന് നൽകിയത്.

**പൗഡർ റൂം**

കോറിഡോറിൽ നിന്നുമാണ് ഇവിടേക്കുള്ള എൻട്രി. ഈ കോറിഡോർ തന്നെയാണ് ഫോർമൽ- ഇൻഫോർമൽ ലിവിംഗ് സ്പെയ്സുകളെ തമ്മിൽ ബന്ധിപ്പിക്കുന്നത്. അതിഥികളും വീട്ടിലുള്ളവർക്കും പെട്ടെന്ന് എത്തിച്ചേരാവുന്ന ഒരു ഐഡിയൽ സ്പെയ്സിലാണ് പൗഡർ റൂം ഒരുക്കിയിരിക്കുന്നത്. ഈ മുറിയുടെ ഫ്ളോറിനും ചുമരിലും ജയ്സാൽമീർ സ്റ്റോൺ പാകിയിരിക്കുന്നു. വാതിൽ തുറക്കുമ്പോൾ നേരെ കാണുന്ന ചുമരിലാണ് ജയ്സാൽമീർ സ്റ്റോൺ കൊണ്ടുള്ള ക്ലാഡ്ഡിംഗ്. മറ്റേ ചുമരിൽ ജോട്ട ഷീൽഡ് എക്സ്റ്റീരിയർ എമൽഷന്റെ വൈറ്റ് പെയിന്റ് ഫിനിഷും കൊടുത്തു. മുറിയ്ക്ക് വലിപ്പക്കൂടുതൽ തോന്നിപ്പിക്കുന്ന വാൾ റ്റു വാൾ മിററിന്റെ സാന്നിധ്യമാണ് എടുത്തുപറയേണ്ട മറ്റൊന്ന്. വെളിച്ചവും വായുവും സുലഭമായി കിട്ടാൻ നല്ല രീതിയിൽ വെന്റിലേഷനും ഇവിടെ നൽകിയിട്ടുണ്ട്.

**വൈബ്രന്റ് സോൺ!**

ഫാമിലി ലിവിംഗ്- ടിവി ലോഞ്ച്- ഡൈനിംഗ് സ്പെയ്സ്. ഒന്നിൽ നിന്ന്



കോർട്ട് യാർഡിനെ സുന്ദരമായ കാഴ്ച സമ്മാനിക്കുന്നു വലിയ ഗ്ലാസ്സ് വിൻഡോകൾ. ലിവിംഗ് മുറിയിൽ നിന്നുള്ള കാഴ്ച.



പുസ്തകങ്ങൾക്കും ക്യൂരിയോസുകൾക്കും ലിവിംഗ് ഏരിയയിൽ തന്നെ സ്പെയ്സ് കണ്ടെത്തിയിരിക്കുന്നു.

ഒന്നിലേക്ക് ഒഴുകി നീങ്ങുന്ന ഈ സ്പെയ്സുകളാണ് ഋതുവിലെ ഏറ്റവും വൈബ്രന്റായ സോൺ. ഈ വീടിന്റെ പ്രധാന ആക്റ്റിവിറ്റികൾ എല്ലാം നടക്കുന്നത് ഇവിടെയാണ്. വൈകുന്നേരങ്ങളിൽ ഈ ഏരിയ സജീവമാവും. കുക്കിംഗ്, വായന, ടിവി കാണൽ തുടങ്ങി കുടുംബാംഗങ്ങൾ എന്തു ജോലി ചെയ്യുമ്പോഴും പരസ്പരം കാണാവുന്ന അകലത്തിലാണ് ഈ ഏരിയകളുടെ ക്രമീകരണം. കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം എളുപ്പമാക്കുന്നതിനൊപ്പം തന്നെ, തിരക്കു പിടിച്ച ലൈഫ്സ്റ്റൈലിൽ ജീവിക്കുന്ന വീട്ടുകാർക്കിടയിൽ കുടുതൽ സമയം ഒന്നിച്ചു ചെലവഴിക്കാനുള്ള വഴി ഒരുക്കാനുമൊക്കെ ഈ സംവിധാനം സഹായിക്കുന്നുണ്ട്.

ഫാമിലി ലിവിംഗിന്റെ പ്രധാന ആകർഷണം വുഡൻ പാനൽ ബോർഡിൽ നിർമ്മിച്ച ഇൻ ബിൽറ്റ് ടിവി യൂണിറ്റും പ്ലേ സ്റ്റേഷനുമാണ്. ഈ ഫാമിലി ലിവിംഗ് ഏരിയയിൽ നിന്ന് പുറത്തെ ലാൻഡ്സ്കേപ്പിലേക്ക് ഇറങ്ങാൻ ഒരു എക്സ്റ്റീരിയർ ഡെക്കും നൽകിയിരിക്കുന്നു. കാൻഡിൽ ലൈറ്റ് ഡിന്നറിനും പുസ്തകം വായിക്കാനുമൊക്കെയുള്ള പെർഫെക്റ്റ് സ്പോട്ടായി ഈ ഡെക്ക് ഉപയോഗിക്കാം. ചുമരിൽ നിന്നും കാൻഡിലിവറായി നൽകിയ ട്രയാങ്കിൾ വുഡൻ ബോക്സാണ് ഡൈനിംഗ് ഏരിയയുടെ പ്രധാന ആകർഷണം. ഈ ടേബിളിന്റെ മുകൾ ഭാഗത്ത് ഗ്ലാസ്സ് ടോപ്പ് നൽകിയിരിക്കുന്നു. ഈ ഗ്ലാസ്സിനു താഴെയായി കടൽ ചിപ്പികൾ നിറച്ചൊരു ട്രേയും നൽകിയിട്ടുണ്ട്.

### കിച്ചൻ

ഐലന്റ് കൗണ്ടറോടു കൂടിയതാണ് കിച്ചൻ. സിൽവർ ലാമിനേറ്റ് ഫ്രെയിമുകളും വൈറ്റ് ലാമിനേറ്റ് ഫിനിഷുമാണ് കിച്ചൻ കാബിനറ്റുകൾക്ക് നൽകിയിരിക്കുന്നത്. ക്ലട്ടർ ഫ്രീയായ ഫീൽ സമ്മാനിക്കുന്നതിനൊപ്പം തന്നെ നല്ല ക്ലീൻ ലുക്കും നൽകാൻ ഈ കിച്ചനു സാധിക്കുന്നുണ്ട്. വുഡ് ഫിനിഷിന്റെയും വൈറ്റ് ലാമിനേറ്റിന്റെയും കോമ്പിനേഷനിലാണ് ഇവിടെ ഐലന്റ് കൗണ്ടർ നൽകിയത്. വെണ്മയുടെ തുടർച്ചയെ ബ്രേക്ക് ചെയ്യുന്ന കളർ പാറ്റേണിലൊരുക്കിയ കിച്ചൻ ഇന്റീരി



ലളിത സുന്ദ
രമായ ക്രമീക
രണങ്ങളുമായി
ബെഡ് റൂം.

വെറ്റ്-ഡ്രൈ ഏ
രിയകളെ പ്രത്യേ
കം വേർത്തിരിച്ച
ബാത്ത് റൂം. ഷ
വർ ക്യൂബിക്കി
ളാണ് ഇവിടെ
സെപ്പറേഷൻ ന
ൽകുന്നത്.




യറിനെ കൂടുതൽ മിഴിവേറിയതാക്കുന്നു. ചെറിയൊരു വാഷ് കൗണ്ടറും മിനി ബാറും കിച്ചനോട് ചേർന്നു വരുന്നുണ്ട്.

കൂടാതെ, വുഡൻ ഡെക്കിൽ ബെഞ്ച് ടൈപ്പ് ചെയറുകളുമായി മനോഹരമായൊരു ബ്രേക്ക് ഫാസ്റ്റ് ഏരിയയും ഇവിടെ കാണാം. ഈ ബ്രേക്ക് ഫാസ്റ്റ് ഏരിയയുടെ ഒരു ഭാഗത്ത് ഗ്ലാസ്സ് വിൻഡോയാണ്. ഇത് പുറം കാഴ്ചകളെ മനോഹരമാക്കുന്നു. മറുഭാഗത്ത് പൂളാണ് വരുന്നത്. വീടിനു മുൻവശത്തെ നടപ്പാത വഴി ലോഞ്ചിലേക്കു നടക്കുമ്പോൾ തന്നെ ഈ ബ്രേക്ക് ഫാസ്റ്റ് നൂക്ക് നമുക്കു കാണാൻ സാധിക്കും. വീട്ടുകാർ സാധാരണയായി ഉപയോഗിക്കുന്ന ഡൈനിംഗ് സ്പെയ്സ് ഇതാണ്. പ്രധാന ഡൈനിംഗ് ടേബിൾ അതിഥികൾ വരുമ്പോൾ മാത്രമാണ് ഉപയോഗിക്കുന്നത്. കിച്ചനോട് ചേർന്ന് ചെറിയൊരു വർക്ക് ഏരിയയും വർക്ക് ഏരിയയോട് ചേർന്നൊരു സെർവന്റ് ടോയ്‌ലറ്റും നൽകിയിരിക്കുന്നു.

**ബെഡ് റൂമുകൾ**

ഇൻഫോർമൽ ലിവിംഗ് ഏരിയയിൽ നിന്നും നീളുന്ന ചെറിയ കോറിഡോറിൽ നിന്നുമാണ് മൂന്നു ബെഡ് റൂമുകളിലേക്കുമുള്ള എൻട്രി. ഇവിടെ ചുമരിൽ നിന്ന് അൽപ്പം ഡിറ്റാച്ച്ഡ് ആയി നിൽക്കുന്ന റൂഫ് സ്ലാബ് ഉപയോഗിച്ച് സ്കൈലൈറ്റ് നൽകിയിട്ടുണ്ട്. ഈ ഏരിയയെ അയേണിംഗിനുള്ള യൂട്ടിലിറ്റി സ്പെയ്സായി ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ ടേബിളിന്റെയും ഇൻവെർട്ടർ സിസ്റ്റത്തിന്റെയും ഡിസ്ട്രിബ്യൂഷൻ ബോക്സിന്റെയുമെല്ലാം സ്ഥാനം ഇവിടെയാണ് വരുന്നത്. മാസ്റ്റർ ബെഡ് റൂമിലും കിഡ്സ് റൂമിലും ഡ്രസ്സിംഗ് ഏരിയ, വാഷ് റൂം, ടോയ്‌ലറ്റ് എന്നിവ അറ്റാച്ച്ഡായി നൽകിയിട്ടുണ്ട്. വല്ലപ്പോഴും മാത്രം ഉപയോഗിക്കുന്ന മുറിയായതിനാൽ ഗസ്റ്റ് ബെഡ് റൂമിൽ ഡ്രസ്സിംഗ് ഏരിയ നൽകിയിട്ടില്ല. ബിൽറ്റ് ഇൻ വാർഡ്രോബുകളാണ് ബെഡ് റൂമുകളിൽ എല്ലാം നൽകിയിരിക്കുന്നത്. ഈ വാർഡ്രോബിന്റെ ഒരു ഡോർ തുറന്നാൽ ടോയ്‌ലറ്റിലേക്കു പ്രവേശിക്കാം. ഈ ഷട്ടറിൽ ഒരു മിററും നൽകിയിട്ടുണ്ട്. ബെഡ് റൂമുകളിൽ കട്ടിലിന്റെ രണ്ടുവശത്തും സീലിംഗ് വരെ പോവുന്നത്ര ഉയരത്തിൽ വലിയ വിൻ




## meet the architect

### Architect Jayadev



**Firm:** Jayadev Architects

**Firm Specialisation:** Architecture & Interior Designing

**Design Philosophy:** We believe Good Design is that which relates to the senses and context and the experience of it us the most significant outcome that we strive to reach at. Light, materials, textures, smells plays a cohesive role in the making of this experience. How this plays upon a user within a specific enviornment with all the elements of nature and the myriad moods that it can conjure up, its effect on the spatial quality is the most important understanding that a designer must have.

**Address:** Jayadev Architects, 48/ 1865,
Grameena Vayanashala Road, Ponnurunni, Vytilla PO, Cochin- 682030.

**Email:** jayadev.architect@gmail.com

**Mobile:** 98464 20000



ഐലന്റ് കൺ
സെപ്റ്റുമായി
കിച്ചൻ

ബ്രേക്ക് ഫാസ്റ്റ്
ഏരിയ. ഈ ഏരി
യയുടെ ഒരു വ്യൂ
വീടിന്റെ എക്സ്റ്റീ
രിയറിൽ നിന്നും
ലഭിക്കും.

ഡോകൾ നൽകിയിട്ടുണ്ട്. സിൽക്ക് റോമൻ ബ്ലൈൻഡാണ് ജനലുകൾക്ക് വേണ്ടി ഉപയോഗിച്ചത്. ഇവ സ്വകാര്യത നൽകുന്നതിനൊപ്പം തന്നെ ഹെഡ് ബോർഡിനോട് ചേർന്നു വരുന്ന ഒരു സിൽക്ക് പാനലിംഗ് ആണെന്ന തോന്നലും അതിഥികളിൽ ഉണ്ടാക്കും. ഹെഡ് റെസ്റ്റ് ഭാഗത്തു മാത്രമല്ല എതിർവശത്തെ ചുമരിലും ഒരു സ്ലിറ്റ് നൽകി ക്രോസ്സ് വെന്റിലേഷൻ ഉറപ്പു വരുത്തിയിരിക്കുന്നു. ടെറസ്സ് ലെവലിൽ ലൂവേഴ്സ് ഉള്ള ഒരു സ്കൈ ലൈറ്റുമായി ഈ സ്ലിറ്റ് ബന്ധപ്പെടുത്തിയിട്ടുണ്ട്.

എല്ലാ ബെഡ് റൂമുകളുടെയും ട്രീറ്റ്മെന്റിൽ യൂണിഫോമിറ്റി കൊണ്ടു വരാൻ ശ്രമിച്ചിട്ടുണ്ട്. മാസ്റ്റർ ബെഡ് റൂമിനോട് ചേർന്നു വരുന്ന ഡോർ ഷട്ടറോടു കൂടിയ ബിൽറ്റ് ഇൻ വാർഡ്രോബ് വഴി കിഡ്സ് റൂമിലേക്കു പ്രവേശിക്കാം. ഈ വഴി ചെന്നവസാനിക്കുന്നത് കിഡ്സ് റൂമിലെ ഡ്രസ്സ് ഏരിയയിലാണ്. ലോ ബെഡ് കോട്ടും സ്റ്റഡി ടേബിളും ബിൽറ്റ് ഇൻ വാർഡ്രോബുമാണ് കിഡ്സ് റൂമിലെ ഫർണിച്ചറുകൾ.

### വ്യത്യസ്തതയുടെ ഭംഗി

ടെറാക്കോട്ട ടൈലുകളാണ് ഈ വീടിന്റെ ഇന്റീരിയറിൽ കണ്ടെത്താവുന്ന കൗതുകകരമായൊരു മെറ്റീരിയൽ. പൂർണ്ണമായും കണ്ടംപററി എന്നു വിശേഷിപ്പിക്കാവുന്ന ഒരു വീടിന് എർത്തി ലുക്കുള്ള ടെറാക്കോട്ട ടൈലുകളോ എന്നു കാഴ്ചക്കാർക്ക് കൗതുകം തോന്നിയേക്കാം. അസാധാരണം എന്നു വിശേഷിപ്പിക്കാവുന്ന ഈ തെരെഞ്ഞെടുപ്പ് ഇന്റീരിയറിനെ ഏറെ ഹൃദ്യമാക്കുന്നുണ്ടെന്ന് നിസ്സംശയം പറയാം. വൈറ്റ് ചുമരുകളുടെ തുടർച്ചയെ ടെറാക്കോട്ട ടൈലുകളുടെ ഡൾ ബ്രൗൺ നിറം ബ്രേക്ക് ചെയ്യുന്നു.

ഈ വീടിന്റെ മുകൾ നിലയിലായി ഒരു ടെറസ്സ് ഗാർഡനും ജിമ്മും ലോണ്ടറി സ്പെയ്സും വരുന്നുണ്ട്. ഈ സ്പെയ്സുകളിലേക്ക് എത്തിച്ചേരാനായി ഒരു സ്പൈറൽ സ്റ്റെയർ കെയ്സും നൽകിയിരിക്കുന്നു. ചെറിയ പാർട്ടികൾ നടത്താവുന്ന രീതിയിലാണ് ടെറസ്സ് ഗാർഡൻ പ്ലാൻ ചെയ്തിരിക്കുന്നത്. ഇന്റീരിയറിലെ ചൂടു കുറയ്ക്കുന്നതിൽ നല്ലൊരു റോൾ ഈ ടെറസ്സ് ഗാർഡനുമുണ്ട്.



കിച്ചനോട് ചേർന്നു വരുന്ന ബാർ ഏരിയ.



പ്ലോട്ടിന്റെ പ്രത്യേകതകൾ നന്നായി മനസ്സിലാക്കി, ക്ലൈന്റിന്റെ ലൈഫ് സ്റ്റൈലിനു അനുയോജ്യമായ രീതിയിൽ, ബഡ്ജറ്റിന് അകത്തു നിന്നു കൊണ്ട്, കാറ്റും വെളിച്ചവും പോലുള്ള പ്രകൃതി സ്രോതസ്സുകളെ ഏറെ പ്രയോജനപ്പെടുത്തി നിർമ്മിച്ച ഈ വീട് അതിന്റെ വ്യത്യസ്തമായ ഡിസൈൻ സമീപനം കൊണ്ടു തന്നെ അതിഥികളുടെ ഇഷ്ടം കവരുന്നുണ്ട്. അതിഥികളുടെ മാത്രമല്ല, വീട്ടുകാരുടെയും ഹൃദയം എന്നന്നേക്കുമായി കവരാൻ ഈ സുന്ദരി വീടിനു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാവാം, വെയിലിൽ പൊള്ളി വിറക്കാതെ, മഴയിൽ തണുത്തുറയാതെ, ഋതുഭേദങ്ങളിൽ ഒളിമിന്നാതെ ഋതു എന്ന ഈ വീട് വീട്ടുകാരുടെ മനസ്സിനോട് ചേർന്നു നിൽക്കുന്നത്....

*റിപ്പോർട്ട്:* **ധന്യ കെ. വിളയിൽ**

INTERIOR + ARCHITECTURE - THE ULTIMATE GUIDE

THE FIRST INTERIOR MAGAZINE IN MALAYALAM

October, 2014 Vol III Issue VII
Price Rs. 50 US $ 5 UAE Dh 10

# ഇന്റീരിയർ

+ആർക്കിടെക്ച്ചർ മാഗസിൻ

## Stylish Superhit

ബാലയുടെ
ഡ്യൂപ്ലക്സ് ഫ്ളാറ്റ്

## ZigZag

ശോഭയിലെ നവാതിഥി

## Open Space

വീടിനകത്തേക്കും

## INSIDE TRENDS

മലയാളിയുടെ അകത്തളങ്ങളിലെ
പുതിയ ശൈലികൾ എന്തൊക്കെയാണ്?

നിറക്കാഴ്ചകളൊരുക്കി
6 വീടുകൾ

## 6 Plans Elevations